പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 3817 — 19.02.2013 - ൽ മറുപടിയ്ക്ക്

## കന്യാന സ്വദേശിയായ യുവതിയെ പീഡിപ്പിച്ച സംഭവം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) | കാസർഗോഡ് ജില്ലയിൽ കന്യാന സ്വദേശിയായ യുവതിയെ പ്രണയം നടിച്ച് പീഡിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ, ഇതു സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ആരൊക്കെയാണ് പ്രതികൾ; പ്രതികളെല്ലാം പോലീസ് കസ്റ്റഡിയിലുണ്ടോ; ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ: | (ബി) | ഉണ്ട്. ഇതു സംബന്ധിച്ച കുമ്പളപോലീസ് സ്റ്റേഷൻ ക്രൈം നം. 818/2012 u/s. 376 IPC ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരവെ ടി കേസിൽ IPC 354 r/w 34 എന്നീ സെക്ഷനുകൾ കൂടി ചേർത്ത് അന്വേഷണം നടത്തി വരുന്നു. ടി കേസിൽ (1) ഹുസൈൻ, (2) മുഹമ്മദ് യൂനുസ്, (3) മുഹമ്മദ് കുഞ്ഞി, (4) ഗണേഷ് എന്നീ പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിട്ടുള്ളതും ഒന്നു മുതൽ മൂന്ന് വരെയുള്ള പ്രതികൾക്ക് ബഹു: കോടതി ജാമ്യം അനുവദിച്ചിട്ടുള്ളതും നാലാം പ്രതി ജുഡീഷ്യൽ കസ്റ്റഡിയിൽ കഴിഞ്ഞ് വരുന്നതുമാണ്. |

| ചോദ്യം | | ഉത്തരം |
|---|---|---|
| (സി) ഈ കേസ്സിൽ പ്രതികളായവർ ജില്ലയിലെ മറ്റേതെങ്കിലും പോലീസ് സ്റ്റേഷൻ പരിധിയിലെ കേസ്സുകളിൽ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | മേൽ പറഞ്ഞ പ്രതികളിൽ ഒന്നും മൂന്നും പ്രതികൾ ബേക്കൽ പോലീസ് സ്റ്റേഷൻ പരിധിയിൽ നടന്ന സി.പി.എം/ലീഗ് സംഘട്ടന കേസുകളിൽ മുസ്ലീംലീഗ് അനുഭാവികളായി പ്രതിചേർക്കപ്പെട്ടിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത പീഡനക്കേസ്സിൽ ഉൾപ്പെട്ടവർക്കെതിരെ നിസ്സാരവകുപ്പുകൾ ചേർത്ത് കേസ്സ് എടുത്ത് രക്ഷപ്പെടാൻ പഴുത് ഒരുക്കുകയും പീഡനത്തിനിരയായ പെൺകുട്ടിയെ സ്റ്റേഷനിൽ മർദ്ദിച്ച കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) & (ഇ) | പെൺകുട്ടിയുടെ മൊഴി പ്രകാരം മേൽ പറഞ്ഞ പ്രതികൾ ചെയ്തതായ കുറ്റങ്ങൾക്കനുസരിച്ച് ഒന്ന്, രണ്ട് പ്രതികളെ IPC 354 r/w 34 സെക്ഷൻ പ്രകാരവും നാലാം പ്രതിയെ IPC 376 വകുപ്പ് പ്രകാരവുമാണ് അറസ്റ്റ് ചെയ്തിട്ടുള്ളത്. പെൺകുട്ടിയെ പോലീസ് മർദ്ദിച്ചിട്ടില്ല. |
| (ഇ) എങ്കിൽ, ഇതു സംബന്ധിച്ച് അന്വേഷിച്ച് ബന്ധപ്പെട്ടവർക്കെതിരെ നടപടിയെടുക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശം അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ